**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.ലക്ഷ്മി.സി.പി., ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി), ഡോ.റക്സി സേവ്യർ, ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) എന്നിവർ ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ യഥാക്രമം ഫയൽ ചെയ്ത OA 962/2025, OA (EKM) 771/2025 എന്നീ ഹർജികളിന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ അന്തിമ ഉത്തരവ് അനുവർത്തനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2485/2025/H&FWD തീയതി,തിരുവനന്തപുരം, 21-08-2025

---

പരാമർശം:-

1. ഡോ.റെക്സി സേവ്യർ ആരോഗ്യ വകുപ്പ് സെക്രട്ടറി മുമ്പാകെ സെക്രട്ടറി മുമ്പാകെ സമർപ്പിച്ച 27.05.2025 തീയതിയായ അപ്പീൽ അപേക്ഷ.(Annexre-A10 in OA (EKM) No.771/2025).
2. ഡോ.ലക്ഷ്മി.സി.പി. ആരോഗ്യ വകുപ്പ് സെക്രട്ടറി മുമ്പാകെ സമർപ്പിച്ച 05.06.2025 തീയതിയായ അപ്പീൽ അപേക്ഷ (Annexure A7 in OA 962/2025)
3. OA (EKM) No.771/2025-ന്മേലുള്ള ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 30.05.2025 തീയതിയിലെ ഉത്തരവ്.
4. OA 962/2025-ന്മേലുള്ള ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 06.06.2025 തീയതിയിലെ ഉത്തരവ്.
5. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 26.06.2025-ലെ DHS/12695/2025-EB3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആരോഗ്യ വകുപ്പിലെ ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) തസ്തികയിലെ 2025 വർഷത്തെ പൊതുസ്ഥലംമാറ്റ ഉത്തരവിൽ തിരുവനന്തപുരം ജില്ലയിലേയ്ക്കുള്ള സ്ഥലംമാറ്റ അപേക്ഷ നിരസിച്ചതിനെതിരെ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.ലക്ഷ്മി.സി.പി. ആരോഗ്യ വകുപ്പ് സെക്രട്ടറി മുമ്പാകെ പരാമർശം (2) അപ്പീൽ അപേക്ഷ സമർപ്പിക്കുകയും, ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA 962/2025 ഫയൽ ചെയ്യുകയും ചെയ്തിരുന്നു. പ്രസ്തുത ഹർജിയിന്മേലുള്ള പരാമർശം (4) ഉത്തരവിൽ അപേക്ഷക ആരോഗ്യ വകുപ്പ്

സെക്രട്ടറിക്ക് മുമ്പാകെ സമർപ്പിച്ച സമർപ്പിച്ച പരാമർശം (2) അപ്പീൽ അപേക്ഷ, 1-ാാം എതിർകക്ഷിയായ ആരോഗ്യ വകുപ്പ് സെക്രട്ടറി പരിശോധിച്ച്, അപേക്ഷകയെയും, ടി തസ്തികയിൽപ്പെട്ട ഡോ.റക്സി സേവ്യറെയും, ഡോ.നിത്യ രാജിനെയും ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥരെയും നേരിൽ കേട്ടതിനു ശേഷം ഉത്തരവ് കൈപ്പറ്റി 3 ആഴ്ചയ്ക്കുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുവാനും നിർദ്ദേശം നൽകിയിരുന്നു.

2) ബഹു:ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, സർക്കാർ അധികാരപ്പെടുത്തിയത് പ്രകാരം ചുവടെ ഒപ്പു വച്ചിരിക്കുന്ന ഉദ്യോഗസ്ഥ, ഡോ.ലക്ഷ്മി.സി.പി.-യെയും ഡോ.റക്സി സേവ്യറെയും, ഡോ.നിത്യ രാജിനെയും ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) തസ്തികയിൽപ്പെട്ട മറ്റ് 6 മെഡിക്കൽ ഓഫീസർമാരെയും 11.07.2025-ന് നേരിൽ കേട്ടിരുന്നു.

**3)** Annexure A7 അപ്പീൽ അപേക്ഷയിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

2012-ൽ ആരോഗ്യ വകുപ്പിൽ പ്രവേശിച്ചു. 03.09.2021-ൽ പഠനാവധിക്ക് ശേഷം മൂവാറ്റുപുഴയിൽ പോസ്റ്റിംഗ് ലഭിച്ചു. പ്രസവാവധിക്ക് ശേഷവും ഹോം സ്റ്റേഷനിൽ നിന്നും 201 കി.മീ. അകലെയുള്ള മൂവാറ്റുപുഴയിലേയ്ക്കും, തുടർന്ന് 164 കി.മീ. അകലെയുള്ള പാലയിലേയ്ക്കും നിയമിക്കുകയാണുണ്ടായത്. ഈ കാലയളവിലെല്ലാം ഹോം സ്റ്റേഷനിൽ നിയമനം നൽകണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ നൽകിയിരുന്നു. നിർബന്ധിത സ്ഥലംമാറ്റം പരിഗണിച്ച് മൂന്ന് വർഷത്തെ സർവ്വീസ് 12/2024-ൽ പൂർത്തിയായിട്ടുള്ളതിനാൽ 2025-ലെ പൊതുസ്ഥലംമാറ്റത്തിൽ ഹോം സ്റ്റേഷനിലേയ്ക്ക് നിയമനത്തിന് യോഗ്യത നേടിയിട്ടുള്ളതും, ആയതിനാൽ പേരൂർക്കട ജില്ലാ മാതൃകാ ആശുപത്രിയിൽ പരിഗണിക്കണമെന്നും അഭ്യർത്ഥിക്കുന്നു. നിലവിൽ തിരുവനന്തപുരം ജില്ലയിൽ നിയമനം നൽകിയിരിക്കുന്ന ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ (ഗൈനക്കോളജി) മെഡിക്കൽ ഓഫീസർമാരെക്കാൾ ഹോം സ്റ്റേഷനിൽ നിയമിക്കുവാൻ അർഹതയുണ്ട്. 25.05.2025-ൽ നേമം താലൂക്ക് ആശുപത്രിയിൽ റിട്ടയർമെന്റ് ഒഴിവ് ഉണ്ടായിട്ടും 27.05.2025-ൽ വന്ന പൊതുസ്ഥലംമാറ്റത്തിൽ, പ്രസ്തുത സ്റ്റേഷനിലേയ്ക്ക് ഓപ്ഷൻ നൽകിയിരുന്നിട്ടും, അതിലേയ്ക്ക് പോസിറ്റിംഗ് നൽകാതെ അത് ഒഴിച്ചിട്ടിരിക്കുന്നത് തികച്ചും അന്യായമാണ്. നേരിൽ കേൾക്കുന്ന വേളയിൽ മേൽ വിവരിച്ചിരിക്കുന്ന വിഷയങ്ങൾ തന്നെയാണ് മെഡിക്കൽ ഓഫീസർ ഉന്നയിച്ചിരുന്നത്. കൂടാതെ, ഹോം സ്റ്റേഷനിലേയ്ക്ക് സ്ഥലംമാറ്റം അനുവദിക്കുമ്പോൾ പേരൂർക്കട ജില്ലാ മാതൃകാ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റം അനുവദിക്കണമെന്ന് മെഡിക്കൽ ഓഫീസർ

ആവശ്യപ്പെട്ടിരുന്നു.

4) ഡോ.റെക്സി സേവ്യർ ഹിയറിംഗ് ഓഫീസർക്ക് നൽകിയ മൊഴി ചുവടെ ചേർക്കുന്നു:

ഹോം സ്റ്റേഷൻ തിരുവനന്തപുരം ജില്ലയാണ്. 01.07.2013-ൽ സർവ്വീസിൽ പ്രവേശിക്കുകയും, ആദ്യ നിയമനം പത്തനംതിട്ട കോന്നി താലൂക്ക് ആശുപത്രിയിലുമാണ്. 27.06.2015 മുതൽ 23.11.2015 വരെയുള്ള 150 ദിവസം തിരുവനന്തപുരം പേരൂർക്കട ജില്ലാ മാതൃകാ ആശുപത്രിയിൽ സേവനം അനുഷ്ഠിച്ചു. 24.11.2015ൽ വീണ്ടും കോന്നി താലൂക്ക് ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റുകയും, 07.07.2018 വരെ അവിടെത്തന്നെ ജോലി ചെയ്യുകയും ചെയ്തിരുന്നു. 15.07.2016-ൽ സ്പെഷ്യാലിറ്റി കേഡറിൽ പ്രവേശിക്കുകയും, 07.06.2019 വരെ കൊല്ലം കുണ്ടറ താലൂക്ക് ആശുപത്രിയിൽ ജോലി ചെയ്തു. പഠനാവധിക്ക് ശേഷം 07.02.2022-ൽ സർവ്വീസിൽ പുനഃപ്രവേശിക്കുകയും, ടി തീയതി മുതൽ 23.05.2022 വരെ നാദാപുരം താലൂക്ക് ആശുപത്രിയിൽ ജോലി നോക്കിയിരുന്നു. തുടർന്ന് 29.06.2022 മുതൽ പെരിന്തൽമണ്ണ താലൂക്ക് ആശുപത്രിയിൽ ജോലി ചെയ്തു വരുന്നു. മിശ്രവിവാഹിത ആയതിനാൽ ഹോം സ്റ്റേഷനിലേയ്ക്ക് സ്ഥലംമാറ്റത്തിന് അർഹതയുണ്ട്. 10-ഉം 7-ഉം വയസ്സുള്ള കുട്ടികൾ തിരുവനന്തപുരത്തെ സ്കൂളിൽ പഠിക്കുന്നു. 2025-ലെ പൊതുസ്ഥലംമാറ്റത്തിൽ തിരുവനന്തപുരം ജില്ലയിലെ 15 സ്റ്റേഷനുകളിലേയ്ക്ക് ഓപ്ഷൻ നൽകിയിരുന്നു. കരട് പട്ടികയിൽ സ്ഥലംമാറ്റത്തിനായി ഉൾപ്പെടുത്താത്തിനെതിരെ അപ്പീൽ നൽകിയിരുന്നെങ്കിലും പരിഗണിക്കപ്പെട്ടില്ല. അസിസ്റ്റന്റ് സർജനായിരുന്ന കാലയളവിൽ 150 ദിവസം തിരുവനന്തപുരം ജില്ലയിൽ ജോലി ചെയ്തതൊഴിച്ചാൽ മറ്റു കാലയളവുകളിലൊന്നും ഹോം സ്റ്റേഷനിൽ നിയമനം ലഭിച്ചിട്ടില്ല. ആയതിനാൽ തന്നെ 01.06.2025-ന് നേമം താലൂക്ക് ആശുപത്രിയിൽ നിലവിൽ വന്ന ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) ഒഴിവിൽ നിയമിക്കപ്പെടാൻ ഏറ്റവും കൂടുതൽ യോഗ്യത ടിയാൾക്കാണ്. സീനിയോറിറ്റി പട്ടികയിൽ ടിയാളുടെ സ്ഥാനം 123-ഉം, ഡോ.ലക്ഷ്മിയുടെ സ്ഥാനം 209-ഉം ആണ്. ഡോ.ലക്ഷ്മി.സി.പി.-യുടെ തുടർ സർവ്വീസ് ആരംഭിക്കുന്നത് 19.09.2015-ലും, ടിയാളുടെ തുടർ സർവ്വീസ് ആരംഭിക്കുന്നത് 01.07.2013-ലുമാണ്. 2025-ലെ സ്ഥലംമാറ്റ ഉത്തരവിൽ പാലോട് സാമൂഹിക ആരോഗ്യ കേന്ദ്രത്തിലേയ്ക്ക് സ്ഥലംമാറ്റം നൽകിയിരിക്കുന്ന ഡോ. നിത്യാ രാജിന് ടിയാളെക്കാൾ യാതൊരു മുൻഗണനയും ഇല്ല. ഡോ.നിത്യാരാജ് മുൻപും തിരുവനന്തപുരം ജില്ലയിൽ ദീർഘകാലം സേവനമനുഷ്ഠിച്ചിട്ടുണ്ട്. മിശ്രവിവാഹിത എന്ന നിലയിലും, ഏറ്റവും അകലെ ജോലി ചെയ്തുവരുന്ന ആളെന്ന നിലയിലും, അപേക്ഷകരിൽ ഏറ്റവും സീനിയർ ആണെന്ന വസ്തുത പരിഗണിച്ചും ടിയാന്റെ തുടർച്ചയായ ഔട്ട്സ്റ്റേഷൻ സീനിയോറിറ്റി കണക്കിലെടുത്തും, നേമം താലൂക്ക് ആശുപത്രിയിൽ നിലവിൽ വന്നിട്ടുള്ള ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) തസ്തികയിലെ

ഒഴിവിലേയ്ക്ക് അല്ലെങ്കിൽ തിരുവനന്തപുരം ജില്ലയിലെ മറ്റേതെങ്കിലും സൗകര്യപ്രദമായ സ്റ്റേഷനിലേയ്ക്ക് ടിയാന് സ്ഥലംമാറ്റം നൽകണം.

5) ഡോ.നിത്യ രാജ് ഹിയറിംഗ് ഓഫീസർക്ക് നൽകിയ മൊഴി ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം സ്വദേശിയായ ടിയാളെ 2024-ലെ പൊതുസ്ഥലംമാറ്റത്തിൽ തിരുവനന്തപുരം ജില്ലയിലെ വിവിധ 5 സ്ഥാപനങ്ങളിലേയ്ക്ക് നൽകിയ ഓപ്ഷൻ പരിഗണിക്കാതെ ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് നിർബന്ധിത സ്ഥലംമാറ്റം നൽകുകയും, 05.09.2025-ന് ടി സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. മിശ്രവിവാഹിതയാണ്. 2025-ലെ പൊതുസ്ഥലംമാറ്റത്തിൽ 5-ാം മത്തെ ഓപ്ഷനായ പാലോട് സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ സ്ഥലംമാറ്റം അനുവദിച്ചു. താമസസ്ഥലമായ പാറശ്ശാലയിൽ നിന്നും പോയി വരാൻ ഉള്ള ബുദ്ധിമുട്ട് കണക്കിലെടുത്ത് നേമം താലൂക്ക് ആശുപത്രിയിൽ വരാൻ പോകുന്ന ഒഴിവിലേയ്ക്ക് സ്ഥലംമാറ്റം അനുവദിക്കണമെന്ന് അപേക്ഷ നൽകിയിട്ടുണ്ട്. വൃദ്ധരായ മാതാപിതാക്കൾ ഏകമകളായ ടിയാളുടെ സംരക്ഷണയിലാണ്. മകൾ സ്കൂൾ വിദ്യാർത്ഥിനിയും ഭർത്താവ് മറ്റൊരു ജില്ലയിൽ ജോലി ചെയ്തു വരുന്നതിനാലും, താമസസ്ഥലത്തു നിന്നും പോയി വരാൻ സൗകര്യമുള്ള നേമം താലൂക്ക് ആശുപത്രിയിൽ നിയമനം നൽകണം.

6) നേമം താലൂക്ക് ആശുപത്രിയിൽ നിയമനം ആവശ്യപ്പെട്ട് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്ന ഗൈനക്കോളജി വിഭാഗത്തിലെ മറ്റ് ജൂനിയർ കൺസൽട്ടന്റ്മാരായ ഡോ.സോണിയ.എസ്.എൽ., ഡോ.റീന.ജെ. വാട്ട്സൺ, ഡോ.അജിത.ആർ.എൻ., ഡോ.ലക്ഷ്മി സുബ്രഹ്മണ്യം, ഡോ.മീര ഷേണായി, ഡോ.സുജ അഗസ്റ്റിൻ എന്നവരെയും നേരിൽ കേട്ടിരുന്നു. നേമം താലൂക്ക് ആശുപത്രിയിൽ നിലവിൽ ഒഴിവുള്ള ഗൈനക്കോളജി തസ്തികയിൽ (ജൂനിയർ കൺസൽട്ടന്റ്) നിയമനം നൽകണമെന്ന് എല്ലാപേരും ആവശ്യം ഉന്നയിച്ചു.

7) ഡോ. ലക്ഷ്മി സി.പി. 2012 ൽ സർവ്വീസിൽ പ്രവേശിച്ചതായി അപ്പിൽ അപേക്ഷയിൽ അവകാശപ്പെടുന്നുണ്ടെങ്കിലും കെ.എസ്.ആർ ഭാഗം I അനുബന്ധം XII B പ്രകാരമുള്ള ശൂന്യ വേതന അവധി എടുത്തതിനാൽ fresh entrant ആയി 19/09/2015-യിലാണ് ടി മെഡിക്കൽ ഓഫീസറുടെ തുടർ സർവ്വീസ് ആരംഭിച്ചതെന്നും, പഠനാന്തരം 07.12.2021-ൽ 2021-ലെ പൊതുസ്ഥലംമാറ്റത്തിൽ പുനഃപരിശോധിക്കും എന്ന വ്യവസ്ഥയിൽ ഡോ.ലക്ഷ്മിക്ക് മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ നിയമനം നൽകുകയും, 2021-ലെ പൊതുസ്ഥലംമാറ്റത്തിൽ ടി സ്റ്റേഷന് പൊതുസ്ഥലംമാറ്റ

മാനദണ്ഡപ്രകാരം യോഗ്യതയുള്ളയാൾക്ക് നൽകി ഡോ.ലക്ഷ്മി.സി.പി.-യെ പാലാ ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റുകയും ചെയ്യുവെന്നും, 2022, 2023, 2024 എന്നീ വർഷങ്ങളിലെ ജനറൽ ട്രാൻസ്ഫറിൽ ഡോ. ലക്ഷ്മി.സി.പി. അപേക്ഷ സമർപ്പിച്ചിരുന്നില്ല എന്നും, പേരൂർക്കട ജില്ലാ മാതൃക ആശുപത്രിയിലെ ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) പഠനാവധിയിൽ പ്രവേശിച്ചതിനെ തുടർന്ന് ഒരു ഒഴിവുണ്ടായിരുന്നു എങ്കിലും, പ്രസ്തുത ഒഴിവിൽ അനുകമ്പാർഹമായ കാരണത്താൽ പാലോട് സാമൂഹിക ആരോഗ്യ കേന്ദ്രത്തിലെ ഡോ.സോണിയ.എസ് എൽ.-ന് സ്ഥലംമാറ്റം അനുവദിച്ചിരുന്നതായും, 2024-ലെ പൊതുസ്ഥലംമാറ്റത്തിൽ, പാറശാല താലൂക്ക് ആശുപത്രിയിലെ ജൂനിയർ കൺസൾട്ടന്റ് ഡോ.നിത്യരാജിനെ പീരുമേട് താലൂക്ക് ആശുപത്രിയിലേക്ക് നിർബന്ധിത സ്ഥലം മാറ്റം നൽകകയും സ.ഉ. (പി) നം.3/2017/ഉഭപവ നമ്പർ ഉത്തരവ്, ഖണ്ഡിക 9(vi), 9(vii) എന്നിവ പ്രകാരം 2025-ലെ പൊതുസ്ഥലംമാറ്റത്തിൽ ഡോ.നിത്യരാജിന് ടിയാളുടെ അഞ്ചാമത്തെ ഓപ്ഷനായ പാലോട് സാമൂഹിക ആരോഗ്യ കേന്ദ്രത്തിലേയ്ക്ക് പരിഗണിച്ച് സ്ഥലംമാറ്റം അനുവദിക്കുകയുണ്ടായെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

8) ഡോ.റക്സി സേവ്യർ ബഹു:ട്രൈബ്യൂണൽ മുമ്പാകെ OA (EKM) 771/2025 നമ്പർ കേസ് ഫയൽ ചെയ്യുകയും, ടി കേസിലെ 30.05.2025 തീയതിയായ ഉത്തരവിന്റെ അനുവർത്തന ഉത്തരവിന് വിധേയമായി മാത്രമേ 01.06.2025-ൽ നേമം താലൂക്ക് ആശുപത്രിയിൽ ഉണ്ടായ ഒഴിവ് നികത്താൻ കഴിയൂ എന്നും, നേമം താലൂക്ക് ആശുപത്രിയിൽ സ്ഥലംമാറ്റം ആവശ്യപ്പെട്ട ഡോ.റീന ജെ. വാട്സൺ ഡോ.അജിത.ആർ.എൻ., ഡോ.ലക്ഷ്മി സുബ്രഹ്മണ്യൻ, ഡോ.മീര ഷേണായി എന്നിവർ നിലവിലെ സ്റ്റേഷനിൽ 3 വർഷം പൂർത്തിയാക്കിയിട്ടില്ല എന്നും, ഡോ.സുജ അഗസ്റ്റിൻ 2025-ലെ പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിച്ചിട്ടില്ല എന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (5) കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

9) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഡോ.ലക്ഷ്മി.സി.പി.-ക്ക് പുറമെ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റായ ഡോ.റക്സി സേവ്യറും തിരുവനന്തപുരം ഹോം സ്റ്റേഷനായതിനാൽ നേമം താലൂക്ക് ആശുപത്രിയിൽ നിയമനം അനുവദിക്കണമെന്ന അപേക്ഷ പരിഗണിക്കുവാൻ സർക്കാരിന് നിർദ്ദേശം നൽകണം എന്നാവശ്യപ്പെട്ട് ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA (EKM) 771/2025 നമ്പർ ഹർജി ഫയൽ ചെയ്യുകയും, ടി ഹർജിയിന്മേലുള്ള പരാമർശം (3) ഉത്തരവിൽ, അപേക്ഷക നേമം താലൂക്ക്

ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റം ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ ശരിയായ രീതിയിൽ പരിശോധിച്ചിട്ടില്ല എന്ന അപേക്ഷകയുടെ പരാതി പരിഗണിച്ച് ടി വിഷയം ഉന്നയിച്ച് സമർപ്പിച്ച പരാമർശം (1) അപ്പീൽ അപേക്ഷ പരിശോധിച്ച് 3 ആഴ്ചയ്ക്കുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിനും, നേമം താലൂക്ക് ആശുപത്രിയിലെ ഒഴിവ് നികത്തുന്നത് ടി അപ്പീലിന്മേൽ എടുക്കുന്ന തീരുമാനത്തിന് വിധേയമായിരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട് എന്നതിനാൽ, ഡോ.ലക്ഷ്മി.സി.പി. ഫയൽ ചെയ്ത O A .962/2025-ലെ 06.06.2025-ലെ ട്രൈബ്യൂണൽ ഉത്തരവിനോടൊപ്പം ഡോ.റക്സി സേവ്യർ ഫയൽ ചെയ്ത OA (EKM) 771/2025-ന്മേലുള്ള 30.05.2025 തീയതിയിലെ ഉത്തരവും ചേർത്ത് പരിശോധിച്ചു. പരാമർശം (1) അപ്പീൽ അപേക്ഷയിൽ മേൽ ഖണ്ഡിക ക്രമ നം.(4) -ൽ സൂചിപ്പിച്ചിട്ടുള്ള വിഷയങ്ങൾ തന്നെയാണ് അപേക്ഷക ആവശ്യപ്പെട്ടിരുന്നത്. O A .962/2025-ലെ അപേക്ഷക ഡോ.ലക്ഷ്മി.സി.പി.യുടെയും, ഡോ. OA (EKM) 771/2025-ലെ അപേക്ഷക ഡോ.റക്സി സേവ്യറുടെയും ഹോം സ്റ്റേഷൻ തിരുവനന്തപുരവും, എന്നാൽ സർവ്വീസിൽ പ്രവേശിച്ച നാൾ മുതൽ മറ്റ് ജില്ലകളിൽ ജോലി ചെയ്തു വരുന്നവരുമാകുന്നു. രണ്ടു പേരും തിരുവനന്തപുരം ജില്ലയിലെ വിവിധ സ്റ്റേഷനുകളിലേയ്ക്ക് 2025 പൊതുസ്ഥലംമാറ്റത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും, അന്തിമ ഉത്തരവിൽ നിന്നും ഒഴിവാക്കപ്പെട്ടിരുന്നു. ഡോ.റെക്സി സേവ്യർ 27.06.2015 മുതൽ 23.11.2015 വരെയുള്ള 150 ദിവസം തിരുവനന്തപുരം പേരൂർക്കട ജില്ലാ മാതൃകാ ആശുപത്രിയിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

10) ഡോ.നിത്യ രാജിന്റെ സർവ്വീസ് വിവരങ്ങൾ പരിശോധിച്ചതിൽ 27.06.2008-ൽ സർവ്വീസിൽ പ്രവേശിച്ച ഡോ.നിത്യ രാജ് 27.06.2008 മുതൽ 30.11.2012-വരെയും (4 വർഷം 5 മാസം - പത്തനംതിട്ട ജില്ല), 05.09.2024 മുതൽ 27.05.2025 (8 മാസവും 23 ദിവസവും - ഇടുക്കി ജില്ല) വരെയും മാത്രമേ തിരുവനന്തപുരത്തിന് പുറത്ത ജില്ലകളിൽ ജോലി നോക്കിയിട്ടുള്ളൂ കണ്ടെത്തി. 2024-ലെ പൊതുസ്ഥലംമാറ്റത്തിൽ, പാറശാല താലൂക്ക് ആശുപത്രിയിലെ ജൂനിയർ കൺസൾട്ടന്റ് ഡോ.നിത്യരാജിനെ പീരുമേട് താലൂക്ക് ആശുപ്രതിയിലേക്ക് നിർബന്ധിത സ്ഥലം മാറ്റം നൽകിയിരുന്നു. സ.ഉ. (പി) നം.3/2017/ഉഭപവ തീയതി 25.02.20217 നമ്പർ ഉത്തരവ്, ഖണ്ഡിക 9(vi)-ൽ ഓപ്ഷനുകളെ അടിസ്ഥാനമാക്കിയല്ലാതെയുള്ള സ്ഥലംമാറ്റങ്ങൾ നിർബന്ധിത സ്ഥലംമാറ്റംമായി കരുതപ്പെടേണ്ടതാണെന്നും, ഖണ്ഡിക 9(vii)-ൽ നിർബന്ധിത സ്ഥലംമാറ്റം ചെയ്യപ്പെട്ട ഉദ്യോഗസ്ഥർ നൽകിയ ഓപ്ഷനുകൾക്ക് മറ്റുള്ള ഉദ്യോഗസ്ഥർ സമർപ്പിച്ച ഓപ്ഷനുകളെക്കാൾ മുൻഗണന നൽകേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നതിനാലാണ് 2025-ലെ പൊതുസ്ഥലംമാറ്റത്തിൽ ഡോ.നിത്യരാജിന് ടിയാളുടെ അഞ്ചാമത്തെ ഓപ്ഷനായ പാലോട് സാമൂഹിക ആരോഗ്യ കേന്ദ്രത്തിലേയ്ക്ക് പരിഗണിച്ച് സ്ഥലംമാറ്റം അനുവദിച്ചിരുന്നത്. എന്നാൽ

സ.ഉ. (പി) നം.3/2017/ഉഭപവ തീയതി 25.02.20217 നമ്പർ ഉത്തരവിൽ ഖണ്ഡിക (6) (I)-ൽ "നിർബന്ധിത സ്ഥലംമാറ്റത്തിനുള്ള കാലയളവ് ഡ്യൂട്ടിയിലുള്ള ഒരു വർഷമായിരിക്കേണ്ടതാണെന്നും, നിർബന്ധിത സ്ഥലംമാറ്റ കാലയളവ് കണക്കാക്കുന്നതിനു വേണ്ടി ഡ്യൂട്ടിയിൽ ചെലവഴിച്ച യഥാർത്ഥ കാലയളവ് മാത്രമാണ് കണക്കാക്കുന്നതെന്നും, ഉദ്യോഗസ്ഥർ എടുത്ത രണ്ട് മാസം വരെയുള്ള അർഹമായ അവധി ഡ്യൂട്ടിയായി കണക്കാക്കുന്നതാണെന്നും" വിവക്ഷിച്ചിട്ടുണ്ട്. എന്നാൽ ഈ വിഷയത്തിൽ ഡോ.നിത്യാരാജ്, നിർബന്ധിത സ്ഥലംമാറ്റം ചെയ്ത പീരുമേട് താലൂക്ക് ആശുപ്രതിയിൽ 05.09.2024 മുതൽ 27.05.2025 മുതലുള്ള 8 മാസവും 23 ദിവസവും മാത്രമേ ജോലി നോക്കിയിട്ടുള്ളൂ.

11) മേൽ സാഹചര്യത്തിൽ, സർവ്വീസിൽ പ്രവേശിച്ച് നാളിതുവരെ ഹോം സ്റ്റേഷനായ തിരുവനന്തപുരം ജില്ലയിൽ ജോലി നോക്കിയിട്ടില്ലാത്ത, O A .962/2025-ലെ അപേക്ഷക ഡോ.ലക്ഷ്മി.സി.പി.-ക്ക് നേമം താലൂക്ക് ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റം അനുവദിച്ചുനൽകിക്കൊണ്ടും, ഡോ.നിത്യാ രാജ് 2024-ൽ പൊതുസ്ഥലംമാറ്റം അനുവദിച്ച സ്ഥാപനത്തിൽ ഒരു വർഷം പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ, സ.ഉ. (പി) നം.3/2017/ഉഭപവ തീയതി 25.02.20217 നമ്പർ ഉത്തരവിൽ ഖണ്ഡിക (6) (I) പ്രകാരം ടിയാളെ 2025 പൊതുസ്ഥലംമാറ്റത്തിലെ നിർബന്ധിത സ്ഥലംമാറ്റപ്പട്ടികയിൽ ഉൾപ്പെടുത്തുവാൻ സാധിക്കാത്തതിനാലും നിർബന്ധിത സ്ഥലംമാറ്റ പരിഗണ നൽകി പാലോട് സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ ഡോ.നിത്യ രാജിന് നൽകിയ സ്ഥലംമാറ്റം റദ്ദ് ചെയ്ത് ടി സേറ്റേഷനിൽ OA (EKM) 771/2025 നമ്പർ ഹർജിയിലെ അപേക്ഷക ഡോ.റക്സി സേവ്യർക്ക് സ്ഥലംമാറ്റം അനുവദിച്ചുനൽകിയും, പാലോട് സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ നിന്നും സ്ഥലംമാറ്റപ്പെടുന്ന ഡോ.നിത്യ രാജിന് ഡോ.ലക്ഷമി.സി.പി. നിലവിൽ ജോലി നോക്കുന്ന കോട്ടയം പാല ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റിക്കൊണ്ടും ബഹു:ട്രൈബ്യൂണലിന്റെ പരാമർശം (3), (4) ഉത്തരവുകൾ അനുവർത്തനം ചെയ്ത് ഉത്തരവാകുന്നു.

12) ഡോ.നിത്യ രാജ് അടുത്ത പൊതുസ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിക്കുന്ന പക്ഷം പീരുമേട് താലൂക്ക് ആശുപ്രതിയിൽ ടിയാൾ ജോലി നോക്കിയിരുന്ന 05.09.2024 മുതൽ 27.05.2025 വരെയുള്ള കാലയളവു കൂടി നിർബന്ധിത സ്ഥലംമാറ്റ കാലയളവിന് പരിഗണിക്കാവുന്നതാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീന ഷംസുദ്ദീൻ
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം, എറണാകുളം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തിരുവനന്തപുരം/കോട്ടയം/ മലപ്പുറം
ഡോ.ലക്ഷ്മി.സി.പി., ജൂനിയർ കൺസൾട്ടന്റ്, ജനറൽ ആശുപത്രി, പാല, കോട്ടയം.
ഡോ.റക്സി സേവ്യർ, ജൂനിയർ കൺസൾട്ടന്റ്, താലൂക്ക് ആശുപത്രി, പെരിന്തൽമണ്ണ, മലപ്പുറം.
ഡോ.നിത്യ രാജ്, ജൂനിയർ കൺസൾട്ടന്റ്, സാമൂഹിക ആരോഗ്യ കേന്ദ്രം, പാലോട്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ (എ2/375/2025-ഹെൽത്ത്)

ഉത്തരവിൻ പ്രകാരം

Signed by
Anupama G Nair
Date: 21-08-2025 14:06:27

സെക്ഷൻ ഓഫീസർ

<u>മേലെഴുത്ത് കത്ത് നം.**DHS/12695/2025-EB3 തീയതി.22-08-2025**</u>

സർക്കാർ ഉത്തരവിൻറെ പകർപ്പ് അറിവിലേക്കും അനന്തര നടപടികൾക്കുമായി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

Signed by
Agitha Hari K
ആരോഗ്യവകുപ്പ് ഡയറക്ടർക്ക് വേണ്ടി
Date: 22-08-2025 12:11:00